KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


No. KEEC/GL/2025/29

തിരുവനന്തപുരം
15.05.2025

സ്വീകർത്താവ്
ബഹു.ചീഫ് എഞ്ചിനീയർ (HRM)
കെ.എസ്.ഇ.ബി ലിമിറ്റഡ്
വൈദ്യുതി ഭവനം, പട്ടം
തിരുവനന്തപുരം

സർ/മാഡം,

വിഷയം : ഇലക്ട്രിസിറ്റി വർക്കർ - ലൈൻമാൻ പ്രമോഷൻ പുറത്തിറക്കുന്നത് സംബന്ധിച്ച്.

സൂചന : 1. വിവരാവകാശ നിയമം 2005 പ്രകാരം ഞാൻ ബഹു.പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് 15.3.2025 ന് നൽകിയ അപേക്ഷയും ലഭിച്ച മറുപടിയും.

ഇലക്ട്രിസിറ്റി വർക്കർമാർക്ക് ലൈൻമാനിലേക്കുള്ള അർഹതപ്പെട്ട പ്രമോഷൻ കഴിഞ്ഞ കുറേ നാളുകളായി ചില സാങ്കേതികത്വം പറഞ്ഞ് പുറത്തിറക്കുന്നില്ലായെന്നത് ഖേദകരമാണ്. ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിലേയ്ക്കായി വിവരാവകാശ നിയമപ്രകാരം ഞാൻ അപേക്ഷ അങ്ങയുടെ ഓഫീസിൽ നൽകിയിരുന്നു.

സൂചന (1) കത്ത് പ്രകാരം എന്റെ ചോദ്യവും ലഭിച്ച ഉത്തരവും താഴെ ചേർക്കുന്നു.

1. KSEBL ൽ ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ നാളുകളായി പുറത്തിറക്കുന്നില്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?
2. പ്രമോഷൻ തടയപ്പെട്ടിരിക്കുന്നത് ഏതെങ്കിലും ഉത്തരവുകളുടെയോ കോടതി വിധിയുടെയോ അടിസ്ഥാനത്തിലാണെങ്കിൽ ഉത്തരവ്/വിധി പകർപ്പ് ലഭ്യമാക്കുക.

**ലഭിച്ച മറുപടി 1& 2: നിലവിൽ പ്രവർത്തിയെടുക്കുന്ന ഇലക്ട്രിസിറ്റി വർക്കർമാർക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി അനുശാസിക്കുന്ന യോഗ്യതയുടെ അഭാവം കാരണം.**

വിവരാവകാശ നിയമപ്രകാരം തെറ്റായ വിവരങ്ങൾ നൽകില്ലല്ലോ. ഞങ്ങൾക്ക് ലഭിച്ച മറുപടി പ്രകാരം "CEA അനുശാസിക്കുന്ന യോഗ്യതയുടെ അഭാവം മൂലമാണ്" പ്രമോഷൻ തടയപ്പെട്ടിരുന്നതെന്നാണ്.

കഴിഞ്ഞ 10-ാം തീയതികൊണ്ട് CEA അനുശാസിച്ചിരുന്ന ട്രെയിനിങ് എല്ലാവർക്കും നല്കി കഴിഞ്ഞിരിക്കുന്നു. നടത്തിയ ട്രൈനിങ്ങിന്റെയും ടെസ്റ്റിന്റെ മാർക്ക് ലിസ്റ്റും എല്ലാവർക്കും നൽകി കഴിഞ്ഞു. എല്ലാവരും CEA നിഷ്കർഷിക്കുന്ന പ്രകാരം യോഗ്യരായിക്കഴിഞ്ഞു. അതുകൊണ്ട് നിലവിൽ പ്രമോഷൻ നടത്തുന്നതിന് യാതൊരു തടസ്സങ്ങളുമില്ല. ആയതിനാൽ പ്രമോഷൻ ഉടൻ നല്കി ലൈൻമാൻമാരുടെ ഒഴിവുകൾ നികത്തി ഫീൽഡിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

ELECTRICITY EMPLOYEES' CONFEDERATION
KERALA ★ INTUC ★
Reg: No. 01-14/87
AFFI. No. 10495

**ഉള്ളടക്കം** :

1. വിവരാവകാശ നിയമപ്രകാരം ഞാൻ നൽകിയ അപേക്ഷ
2. എന്റെ അപേക്ഷയിന്മേൽ അങ്ങയുടെ ഓഫീസിൽ നിന്നും ലഭിച്ച മറുപടി

ACC- (1)




പ്രേഷകൻ

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വി.പി.മരയ്ക്കാർ സ്മാരക മന്ദിരം
അംബുജവിലാസം റോഡ്
വഞ്ചിയൂർ, തിരുവനന്തപുരം –695001
Mob: 9447303578

സ്വീകർത്താവ്

ബഹു.പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ചീഫ് എഞ്ചിനീയർ (HRM) കാര്യാലയം
കെ.എസ്.ഇ.ബി ലിമിറ്റഡ്
വൈദ്യുതി ഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : വിവരാവകാശ നിയമപ്രകാരം വിവരങ്ങളും രേഖകളും ലഭിക്കുന്നത് സംബന്ധിച്ച്.

1. KSEBL ൽ ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ നാളുകളായി പുറത്തിറക്കുന്നില്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

2. പ്രമോഷൻ തടയപ്പെട്ടിരിക്കുന്നത് ഏതെങ്കിലും ഉത്തരവുകളുടെയോ കോടതി വിധിയുടെയോ അടിസ്ഥാനത്തിലാണെങ്കിൽ ഉത്തരവ്/വിധി പകർപ്പ് ലഭ്യമാക്കുക.

Original recd 15.3.25

വിശ്വസ്തതയോടെ,

Sibykutty

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്

തിരുവനന്തപുരം
15.03.2025

Acc-(2)

"ഭരണഭാഷ മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനി നിയമപ്രകാരം രൂപീകൃതം)

CIN: U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയം

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം–695 004. കേരള

ടെലിഫോൺ നം. : 91-471-2514235, 91-471-2514463, 91-471-2448948

ഇ–മെയിൽ : esthrm@kseb.in,

വെബ് സൈറ്റ് : www.kseb.in.

(4)

നമ്പർ: ഇ.ബി.7(എ)/ആർ.ടി.ഐ.എ/111/2025/151/ തീയതി: 11.04.2025

പ്രേഷകൻ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ.

ഗ്രാഹകൻ

അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ്,
വി.പി.മരയ്ക്കാർ സ്മാരക മന്ദിരം,
അംബുജവിലാസം റോഡ്,
വഞ്ചിയൂർ, തിരുവനന്തപുരം – 695 001,
ഫോൺ : 9447303578.

സർ,

വിഷയം : വിവരാവകാശ നിയമം 2005 – വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന : 15.03.2025 – ൽ ഈ ഓഫീസിൽ ലഭ്യമായ താങ്കൾ 15.03.2025 തീയതിയായി തയ്യാറാക്കി നൽകിയ ടി നിയമ പ്രകാരമുള്ള അപേക്ഷ.

മേൽ സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു.

1 & 2. നിലവിൽ പ്രവർത്തിയെടുക്കുന്ന ഇലക്ട്രിസിറ്റി വർക്കർമാർക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി അനുശാസിക്കുന്ന യോഗ്യതയുടെ അഭാവം കാരണം.

വിശ്വസ്തതയോടെ,

സാനുജ.ഐ,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഫോൺ – 0471-2514418

**ഒന്നാം അപ്പീൽ അധികാരിയുടെ വിലാസം**

ശ്രീമതി ശ്രീലേഖ.എൽ, സീനിയർ അക്കൗണ്ട്സ് ഓഫീസർ & അപ്പലേറ്റ് അതോറിട്ടി, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) കാര്യാലയം, മൂന്നാം നില, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം, പിൻ – 695 004.

(അപ്പീൽ കാലാവധി 30 ദിവസം)

ആർ.എൽ-120